പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1994 — 26.03.2013-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബിയുടെ കമ്പനിവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബിയുടെ കമ്പനി വൽക്കരണം സംബന്ധിച്ചുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) 25-09-2008-ലെ സർക്കാരുത്തരവിലൂടെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതിലേക്ക് കമ്പനി നിയമത്തിൻ കീഴിൽ "കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് " എന്ന കമ്പനിയ്ക്ക് 14-01-2011-ൽ രൂപം നൽകിയിട്ടുണ്ട്. ആസ്തി -ബാദ്ധ്യതകൾ കമ്പനിയിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. കമ്പനിവൽക്കരണത്തിന്റെ ഭാഗമായി ബോർഡിലെ ജീവനക്കാരെ കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജീവനക്കാരുടെ സംഘടനകളുമായി 11-02-2013-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ സ്കീമിന് (റീ-വെസ്റ്റിംഗ്) സർക്കാർ അന്തിമ രൂപം നൽകി വരുന്നു. |
| (ബി) കെ. എസ്. ഇ. ബി കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിനും ബോർഡിന്റെ ബാദ്ധ്യതകൾ തീർക്കുന്നതിനും എത്ര രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | (ബി) കെ. എസ്. ഇ. ബിയുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട് പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള ബാധ്യത 30-09-2011-ലെ, വിവരങ്ങളുടെ അടിസ്ഥാനത്തിൽ 7584 കോടി രൂപയുടേതാണെന്ന് യഥാർത്ഥാധിഷ്ഠിതമായ മൂല്യനിർണ്ണയത്തിലൂടെ ( actuarial valuation) കണ്ടെത്തിയിട്ടുണ്ട്. ഈ ബാധ്യത നിറവേറ്റുന്നതിനാവശ്യമായ തുക സംസ്ഥാന സർക്കാരും, പുതിയ കമ്പനിയും കൂട്ടായി സ്വരൂപിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് സർക്കാർ പരിഗണിക്കുന്നത്. |
| (സി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി കഴിഞ്ഞ ബജറ്റിൽ എത്ര രൂപയാണ് നീക്കിവച്ചത് ; പ്രസ്തുത തുക ബോർഡിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ? | (സി) 52.40 കോടി രൂപ ഈ ആവശ്യത്തിലേക്ക് 2012-13 ബജറ്റിൽ നീക്കി വച്ചിരുന്നു. ഈ തുക ബോർഡിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.